**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-2009-ലെ വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധസമിതിയുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (സാധാ) നം.923/2019/പൊവിവ തിരുവനന്തപുരം, തീയതി 08/03/2018**

പരാമർശം:- 1. 19-10-2017-ലെ സ.ഉ (സാധാ) 3779/17/പൊവിവ
2. 03-03-2018-ലെ സ.ഉ (സാധാ) 941/2018/പൊവിവ
3. 03-10-2018-ലെ സ.ഉ (സാധാ) 3906/18/പൊവിവ
4. 24-01-2019-ലെ ഡോ.എം.എ. ഖാദറിന്റെ അപേക്ഷ.

**ഉത്തരവ്**

2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ദസമിതിയെ പരാമർശം (1) പ്രകാരം രൂപവത്കരിക്കുകയും തുടർന്ന് പരാമർശം (2), (3) എന്നിവ പ്രകാരം സമിതിയുടെ പരിഗണനാവിഷയങ്ങൾ നിശ്ചയിക്കുകയുണ്ടായി.

2. സമിതി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ ഉൾപ്പെടാത്ത കാര്യങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും സമിതിയുടെ കാലാവധി 2019 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കണമെന്ന് പരാമർശം (4) പ്രകാരം സമിതി ചെയർമാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സമിതി ചെയർമാന്റെ അഭ്യർത്ഥന പ്രകാരം റിപ്പോർട്ടിന്റെ 2-ാം ഭാഗം സമർപ്പിക്കുന്നതിലേയ്ക്ക് വിദഗ്ധ സമിതിയുടെ കാലാവധി 2019 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡോ. എം.എ ഖാദർ, ചെയർമാൻ, 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതി (O/o ഡയറക്ടർ, സീമാറ്റ്)
ശ്രീ. ജ്യോതി ചൂഢൻ (റിട്ട സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്) മെമ്പർ, ഡോ. ഖാദർ കമ്മറ്റി (O/o ഡയറക്ടർ, സീമാറ്റ്)
ഡോ. സി. രാമകൃഷ്ണൻ, പാലാട്ട് ഹൗസ്, പീലിക്കോട് (പി.ഒ), കാസർഗോഡ്. മെമ്പർ, ഡോ. ഖാദർ കമ്മറ്റി (O/o ഡയറക്ടർ, സീമാറ്റ്)
ഡയറക്ടർ, സീമാറ്റ് (കേരള), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ ...ദ്ധീകരിക്കുന്നതിന്)